# 'ദൈവശബ്ദത്തിനായി കാത്തിരിക്കുക'

**2 ശമുവേൽ 5:24**

**"ബാഖാവൃക്ഷങ്ങളുടെ അഗ്രങ്ങളിൽകൂടി അണിനടക്കുന്ന ഒച്ചപോലെ കേൾക്കും; അപ്പോൾ വേഗത്തിൽ ചെല്ലുക; ഫെലിസ്ത്യസൈന്യത്തെ തോല്പിപ്പാൻ യഹോവ നിനക്കു മുമ്പായി പുറപ്പെട്ടിരിക്കുന്നു എന്നു അരുളപ്പാടുണ്ടായി."**

ദാവീദ് യിസ്രായേലിന് രാജാവായി തീർന്നശേഷം നിരവധി യുദ്ധങ്ങൾ നേരിടേണ്ടിവന്നു. ഫെലിസ്ത്യരുടെ നേരെ പുറപ്പെടുന്നതിനുമുമ്പ് ദൈവാലോചന ചോദിക്കുമ്പോൾ യഹോവയുടെ മറുപടി അവന് ലഭിക്കുന്നതായ വാക്യമാണ് നാം വായിച്ചത്. ദാവീദിന്റെ സ്വഭാവത്തിൽനിന്ന് ഇന്ന് നാം പകർത്തിയെടുക്കാൻ പോകുന്ന ഒരു കാര്യം, ഫെലിസ്ത്യരുടെ എതിരെ യുദ്ധത്തിനു പുറപ്പെടുമ്പോൾ ആദ്യം അവൻ യഹോവയോട് ചോദിച്ചു (**2 ശമുവേൽ 5:19**), 'പുറപ്പെടുക' എന്ന അരുളപ്പാടും അവനു ലഭിച്ചു. 'വെള്ളച്ചാട്ടം പോലെ യഹോവ എന്റെ മുമ്പിൽ എന്റെ ശത്രുക്കളെ തകർത്തുകളഞ്ഞു' എന്നാണ് ദാവീദ് (**2 ശമുവേൽ 5:20**) അവിടെ പറയുന്നത്. വീണ്ടും ഫെലിസ്ത്യരെ അവനു നേരിടേണ്ടതായി വരുന്നു. അപ്പോഴും ദൈവശബ്ദത്തിനായി ഓടി അടുക്കുന്ന ദാവീദിന്റെ ഹൃദയം ആണ് നമുക്ക് ഉണ്ടായിരിക്കേണ്ടത്. ദൈവം അവനു കൊടുക്കുന്ന മറുപടിയുടെ ഒരു ഭാഗമാണ് ഇന്നത്തെ കുറിവാക്യം.

യഹോവ ദാവീദിനോട് രണ്ടാംപ്രാവശ്യം പറയുന്നത് 'നീ നേരെ ചെല്ലാതെ അവരുടെ പിമ്പുറത്തു കൂടി വളഞ്ഞു ചെന്നു ബാഖാവൃക്ഷങ്ങൾക്കു എതിരെ വെച്ചു നേരിടുക. ബാഖാവൃക്ഷങ്ങളുടെ അഗ്രങ്ങളിൽകൂടി അണി നടക്കുന്ന ഒച്ചപോലെ കേൾക്കും.' (**2 ശമുവേൽ 5:23–24**). ഇവിടെ രണ്ടു സാഹചര്യത്തിലും യുദ്ധമുറ വ്യത്യസ്തങ്ങളായിരുന്നു. ഒന്നു നേരെ ചെല്ലുക, ഒന്നു പിന്നാമ്പുറത്തു കൂടി ചെല്ലുക. രണ്ടിലും ജയം സുനിശ്ചിതം.

ദൈവാലോചനയും ദൈവശബ്ദവും കേൾക്കുന്നതുവരെ നാം കാത്തിരിക്കുക. കർത്താവിന്റെ വലുതും മേത്തരവുമായ വഴിയും, നടത്തിപ്പും ജീവിതത്തിന്റെ ഓരോ സാഹചര്യങ്ങളിലും നമുക്ക് ലഭിക്കാതെ ഇറങ്ങി പുറപ്പെട്ടാൽ പരാജയം തന്നെയാകുന്നു ഫലം. ഓരോ സന്ദർഭങ്ങളും ജയിച്ചു കരേറേണ്ടതായ അഥവാ അഭിമുഖീകരിക്കേണ്ടതായ വിധങ്ങൾ വ്യത്യസ്തങ്ങളാകാം. എന്നാൽ ജയം വേണോ, 'ദൈവശബ്ദമാകുന്ന വചനത്തിന്റെ ശക്തി' കൂടിയേ തീരൂ എന്ന മഹത്തായ പാഠം നമുക്ക് ഏറ്റെടുക്കാം.

കഴിഞ്ഞകാലങ്ങളിൽ നടത്തിയ ദൈവിക അനുഭവങ്ങളും ശക്തിയും നമുക്ക് എന്നും മുതൽക്കൂട്ട് തന്നെയാകുന്നു. എന്നാൽ ഓരോ പ്രാവശ്യവും ജീവിതാനുഭവങ്ങളുടെമേൽ ദൈവീകതീരുമാനം തന്നെ പ്രവർത്തിക്കാൻ വിട്ടുകൊടുക്കുമോ. ഒരു പക്ഷേ കാത്തിരിക്കേണ്ടതായി വരും. അല്ലെങ്കിൽ വേഗത്തിൽ ലഭിച്ചെന്നും വരും. അതുമല്ലെങ്കിൽ നമ്മുടെ തീരുമാനത്തിന് വ്യത്യസ്തമായതായിരിക്കും ദൈവഹിതം. അതേ, നേരെ എതിരിടേണ്ടതിനെ അങ്ങനെ, പിന്നാമ്പുറത്തുകൂടി നേരിടേണ്ടതിനെ അതുപോലെ തന്നെ പരാജയപ്പെടുത്തണം.

ജീവിതത്തിൽ ചില വിഷയങ്ങളുടെ മേൽ ഇനിയും ബാഖാവൃക്ഷത്തിന്റെ ശബ്ദ ചിലമ്പൊലിക്കായി കാത്തിരിക്കുന്നുണ്ടോ. തീർച്ചയായും തക്കസമയത്ത് അവൻ അഗ്രങ്ങളിൽകൂടി നടക്കുന്ന ഒച്ച നമ്മെ കേൾപ്പിക്കും. ദൈവീകശബ്ദം കേൾക്കാൻ നമ്മുടെ ഹൃദയവും, ചെവികളും അവനായി തുറക്കാം. നമുക്കെതിരെ വരുന്ന സകല എതിരാളികളെയും ദൈവീകശക്തിയാൽ തകർക്കാം. ഒരു പ്രാവശ്യം ജയിച്ചു കീഴടക്കിയതായ പലതും വീണ്ടും വരാം. അതേ ഒന്നാം പ്രാവശ്യവും ദാവീദ് ഫെലിസ്ത്യരെ തകർത്തുവെങ്കിലും രണ്ടാം പ്രാവശ്യവും അവനു നേരിടേണ്ടതായി വന്നു. ദൈവീക ശബ്ദവും സാന്നിദ്ധ്യവും കൂടെയുണ്ടെങ്കിൽ ദൈവമക്കളുടെ ജയം സുനിശ്ചിതം തന്നെ. "നീതിമാന്മാരുടെ കൂടാരങ്ങളിൽ ജയത്തിന്റെ ഉല്ലാസഘോഷങ്ങൾ ഉണ്ട്." നമുക്ക് പ്രത്യാശയോടെ ജീവിതത്തെ നേരിടാം. ദാവീദിന്റെ അനുഭവം എല്ലാ ദൈവമക്കൾക്കും മാതൃകയാകട്ടെ.

പരാമർശം :

സദൃശവാക്യങ്ങൾ 21:31

കുതിരയെ യുദ്ധദിവസത്തേക്കു ചമയിക്കുന്നു; ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു.

## സിസ്റ്റർ ബിന്ദു റെജി അയ്മനം 028